**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.**3245** | **19.06.2019 ൽ** മറുപടിക്ക്

**ചെറുകിട വ്യവസായ സംരംഭകർക്ക് ലൈസൻസ്**

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ. ബി.ഡി. ദേവസ്സി** | **എ.സി.. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | ചെറുകിട വ്യവസായ സംരംഭകർക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ കൂടുതൽ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ചെറുകിട വ്യവസായ സംരംഭകർക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുള്ളതാണ്. |
| ബി) | എല്ലാ ചെറുകിട സംരംഭങ്ങൾക്കും ഫയർ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും, ഫയർ സേഫ്റ്റി സർട്ടിഫിക്കറ്റ് ആവശ്യമായ യൂണിറ്റുകൾക്കു മാത്രമായി നിജപ്പെടുത്തുന്നതിനും ആലോചിക്കുമോ; | ബി) 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം 1000 ച.മീ. കൂടുതൽ അടിത്തറ വിസ്തീർണ്ണമുള്ളതോ 15 മീറ്ററിൽ അധികം ഉയരമുള്ളതോ ആയ കെട്ടിടങ്ങൾക്കു മാത്രമാണ് ഫയർ NOC നിർബന്ധമാക്കിയിട്ടുള്ളത്.<br><br>1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പതിനഞ്ച് മീറ്ററിൽ കൂടുതൽ ഉയരമുള്ളതും 1000 ച.മീ. കൂടുതൽ അടിത്തറ വിസ്തീർണ്ണമുള്ളതുമായ വ്യാവസായിക കൈവശഗണത്തിന്റെ കാര്യത്തിൽ അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നോ അല്ലെങ്കിൽ അദ്ദേഹം ഇതിനായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ നേടിയ ഒരു അംഗീകാര സാക്ഷ്യപത്രം കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതാണ്. കൂടാതെ 15 മീറ്ററിൽ കവിയാത്ത ഉയരമുള്ളതും 300 ച.മീ. കൂടുതലും 1000 ച.മീ. താഴെയുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി കൊടുത്തിട്ടുള്ള ഫാറം 'P' യിൽ അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും കൂടാതെ കെട്ടിടനിർമ്മാണം ഉപചട്ടം (6)-ൽ എടുത്ത് പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ട് എന്ന ഒരു സാക്ഷ്യപത്രം പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട് അല്ലെങ്കിൽ എഞ്ചിനീയറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. |

| | | |
|---|---|---|
| സി) | ബിൽഡിംഗ് പെർമിറ്റിനും ലൈസൻസിനും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആയത് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി NIC വികസിപ്പിച്ചിട്ടുള്ള K-SWIFT സോഫ്റ്റ്‌വെയർ മുഖേന കെട്ടിട നിർമ്മാണ അനുമതിയും വിവിധ ലൈസൻസുകളും ഓൺലൈൻ സംവിധാനത്തിലൂടെ നൽകി വരുന്നുണ്ട്. കൂടാതെ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി IBPMS മുഖേനയും നടപടി സ്വീകരിക്കുന്നുണ്ട്. 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണാനുമതി ലഭിക്കുന്നതിനുള്ള കാലയളവ് 15 ദിവസമായും പ്രവർത്തന ലൈസൻസ് ലഭിക്കുന്നതിനുള്ള കാലയളവ് 30 ദിവസമായും നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ